7. ഡോക്ടേഴ്സിനും സ്റ്റാഫ് നഴ്സിനും കർത്തവ്യങ്ങളും ചുമതലകളും രേഖപ്പെടുത്തി നൽകിയിട്ടുണ്ട്.

8. എല്ലാ ദിവസവും ആശുപത്രി സൂപ്രണ്ട് ഒന്നാം വാർഡ് സന്ദർശിക്കുകയും വാർഡിൽ രജിസ്റ്റർ സൂക്ഷിച്ച് ഒപ്പിടുകയും ചെയ്യുന്നുണ്ട്. വേണ്ടുന്ന നിർദ്ദേശങ്ങൾ ജീവനക്കാർക്ക് നൽകുന്നുമുണ്ട്. ഡെപ്യൂട്ടി സൂപ്രണ്ട് ദിവസേന വാർഡ് സന്ദർശിച്ച് കാര്യങ്ങൾ വിലയിരുത്തുന്നുണ്ട്.

9. മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് ഒന്നാം വാർഡിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.

10. ഒന്നാം വാർഡിൽ സി.സി.ടി.വി. സ്ഥാപിച്ചിട്ടുണ്ട്.

11. നിലവിൽ 9 പേരാം നഴ്സുമാർ, (രണ്ട് പുരുഷന്മാരും ഏഴ് സ്ത്രീകളും) ഒന്നാം വാർഡിലെ രോഗികളെ പരിചരിക്കുന്നതിനായുണ്ട്. അവർക്ക് ജോലി കാര്യത്തിൽ വ്യക്തമായ നിർദ്ദേശം നൽകിയിട്ടുള്ളതും അവർ അത് പാലിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ, 2 പുരുഷ പേരാം നഴ്സുമാരെക്കൂടി നിയമിക്കുന്നതിന് സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്.

(എച്ച്) നിർദ്ധനരും വയോധികരും അശരണരുമായ രോഗികളെയാണ് ഒന്നാം വാർഡിൽ പ്രവേശിപ്പിക്കുന്നത്. രോഗം ഭേദമാകുന്നവരെ സാമൂഹ്യ നീതി വകുപ്പ്, സോഷ്യൽ സെക്യൂരിറ്റി മിഷൻ എന്നിവരുമായി ബന്ധപ്പെട്ട് പുനരധിവാസ കേന്ദ്രങ്ങളിലേക്ക് മാറ്റിവരുന്നുണ്ട്. കൂടാതെ, മേൽവിലാസമുള്ളവരെ ബന്ധുക്കളെ കണ്ടെത്തി തിരികെ കൊണ്ടുപോകുന്നതിനായി എ.ഡി.എം.-ന് അപേക്ഷ നൽകുന്നുണ്ട്.

ഡി.എം.ഇ. - ഡി.എച്ച്.എസ്. ഇരട്ട നിയന്ത്രണം ഒഴിവാക്കൽ പ്രക്രിയ

45 (6750) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് ഡി.എം.ഇ.-ഡി.എച്ച്.എസ്. ഇരട്ട നിയന്ത്രണം ഒഴിവാക്കൽ പ്രക്രിയയിൽ ഒറ്റതാൽപര്യക്കാർ അസിസ്റ്റന്റുമാരുടെ നിയമനവുമായി ബന്ധപ്പെട്ട് നിലവിൽ പരാതികളോ കോടതി വ്യവഹാരങ്ങളോ നിലനിൽക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) മുൻ സർക്കാർ സീനിയോറിറ്റി മറികടന്ന് ഓഫ്താൽമിക് അസിസ്റ്റന്റുമാരെ ഡി.എം.ഇ.യിൽ നിയമിച്ചിട്ടുണ്ടെങ്കിൽ അവരെ മാതൃവകുപ്പിൽ തിരിച്ചയയ്ക്കാനും അർഹരെ ഡി.എം.ഇ.-യിൽ നിയമിക്കുവാനും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഈ വിഷയത്തിൽ ശ്രീമതി വി. ബീന, ശ്രീമതി ആനി മാത്യു എന്നിവർ ഹയർ പെയ്ത ഡബ്ല്യു.പി.സി. നമ്പർ. 28654/10, ഡബ്ല്യു.പി.സി. നമ്പർ. 16028/10 എന്നീ കേസുകൾ ഇപ്പോൾ ബഹുമാനപ്പെട്ട കേരള അഡ്മിനി സ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ടി.എ.നമ്പർ. 5727/2012, ടി.എ.നമ്പർ. 7504/2012 എന്നീ നമ്പരുകളിലായി പരിഗണനയിലുണ്ട്.

(ബി) ദ്വിഭരണ സമ്പ്രദായം അവസാനിപ്പിച്ചതോടനുബന്ധിച്ച് ഒഫ്താൽമിക് അസിസ്റ്റന്റുമാരെ ആരോഗ്യവകുപ്പിൽ നിന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് നിയമിച്ചത് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലാണ്. എന്നാൽ ഇപ്പോൾ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലുള്ള കേസുകളിൽ ടി നിയമനങ്ങൾ പുനഃപരിശോധിക്കുവാൻ ബഹുമാനപ്പെട്ട ട്രൈബ്യൂണൽ ഉത്തരവാക്കുകയാണെങ്കിൽ ടി ഉത്തരവിന് വിധേയമായി നിയമനം നടത്തുന്നതാണ്.

കുന്നംകുളം എരുമപ്പെട്ടി സി.എച്ച്.സി.യിലെ സ്റ്റാഫ് പാറ്റേൺ

46 (6751) ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നംകുളം നിയോജകമണ്ഡലത്തിലെ എരുമപ്പെട്ടി സി.എച്ച്.സി.-യിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കുമോ ;

(ബി) നിരവധി രോഗികൾ ചികിത്സ തേടിയെത്തുന്ന ഇവിടെ മറ്റ് സി.എച്ച്.സി.-കളിലേതുപോലെ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) സ്വീകരിക്കുമെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) പ്രസ്തുത സി.എച്ച്.സി.യിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവന വ്യവസ്ഥകൾ

47 (6752) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly